DESPATCHED
On..01/10/22



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Email: sic@kerala.nic.in

ഹർജി നമ്പർ AP.No.1453(1)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.12452/SIC-Gen4/2019
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ; വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 28

ശ്രീ. സതീഷ് ചന്ദ്രൻ എം.ആർ.,
മാളിയേക്കൽ,
മരു: വടക്ക്,
ആലുംകടവ് പി.ഒ.,
കരുനാഗപ്പള്ളി, കൊല്ലം – 690 573. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നഗരസഭാ കാര്യാലയം,
കരുനാഗപ്പള്ളി, കൊല്ലം.

2. അപ്പീൽ അധികാരി & സെക്രട്ടറി,
നഗരസഭാ കാര്യാലയം,
കരുനാഗപ്പള്ളി, കൊല്ലം. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷൻ 31.10.2019–ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നില്ല എന്ന വീഴ്ചക്ക് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീമതി. സിന്ധു ഒ. 30.9.2020 തീയതി വച്ച് കരുനാഗപ്പള്ളി നഗരസഭ അപ്പീൽ അധികാരി മുഖേന 22.4.2022–ന് കമ്മീഷന് നൽകിയ റിപ്പോർട്ടിൽ ബോധിപ്പിച്ചത്, കരുനാഗപ്പള്ളി നഗരസഭാ കൗൺസിലിന്റെ 28.1.19–ലെ 2–ാം നമ്പർ തീരുമാനത്തിൽ പരാമർശിച്ചിട്ടുള്ള റോഡ് സംബന്ധമായ വിഷയങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയത് സംബന്ധിച്ച തീരുമാനത്തിൽ പ്രസ്താവിച്ചിട്ടുള്ളത് വേനൽ കടുത്തതോടെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതിനാലും കരുനാഗപ്പള്ളി

വില്ലേജിലെ 205/10, 205/11 എന്നീ സർവ്വെ നമ്പരുകളിലുള്ള വസ്തുകൾക്ക് സമാന്തരമായി നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 4.5 മീറ്റർ വീതിയുള്ള റോഡിന്റെ ഓരം ചേർന്നാണ് പ്രദേശവാസികൾ കുടിവെള്ളത്തിനായി ആശ്രയിച്ചു വരുന്ന പൊതു ടാപ്പ് സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ടി കുടിവെള്ള ടാപ്പ മാറ്റേണ്ടതില്ലെന്ന് ജല അതോറിറ്റി അധികൃതരെ അറിയിക്കുന്നതിന് തീരുമാനിച്ചു എന്നാണ്. ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് ഒരു റോഡ് തുടങ്ങുന്ന സ്ഥലം, അവസാനിക്കുന്ന സ്ഥലം, നീളം, തരം തുടങ്ങിയ വിവരങ്ങൾ അല്ലാതെ ഭൂമിയുടെ സർവ്വെ നമ്പരോ മറ്റൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ലെന്നും, കൗൺസിൽ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള സർവ്വെ നമ്പറുകൾ അടിസ്ഥാനമാക്കി ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലാണ് 12.4.2019-ൽ മറുപടി ലഭ്യമല്ല എന്ന വിവരം നൽകിയിട്ടുള്ളതെന്നുമാണ്. ആയതിനാൽ മേൽ വസ്തുതകൾ പരിശോധിച്ച് തുടർ നടപടകളിൽ നിന്നും ഒഴിവാക്കണമെന്നുമാണ്.

2. മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ശ്രീമതി ഒ. സിന്ധുവിനെ കമ്മീഷൻ നേരിൽ കേട്ട അവസരത്തിൽ ടിയാരിക്ക് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ സംഭവിച്ച വീഴ്ചക്ക് കമ്മീഷനോട് മാപ്പപേക്ഷിക്കുകയുണ്ടായി. ശ്രീമതി. ഒ. സിന്ധുവിന്റെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ച മന:പൂർവ്വമല്ല എന്ന് വിലയിരുത്തി ഭാവിയിൽ ഇത്തരം വീഴ്ച സംഭവിക്കരുതെന്ന് താക്കീത് നൽകി ടിയാരിക്കെതിരെയുള്ള തുടർ നടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു.

3. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION • KERALA • THIRUVANANTHAPURAM

bnk